(എഫ്) കംപ്യൂട്ടർ വൽക്കരണം നിലവിൽ വരുന്നതോടെ ട്രഷറിക ളുടെ ജോലിഭാരം കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

17 (*351) മണ്ണ് സംരക്ഷണം

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് സംരക്ഷണ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടിക്രമ ങ്ങൾ എന്തൊക്കെയാണ്;

(ബി) അധികാര വികേന്ദ്രീകരണം നടത്തിയപ്പോൾ ത്രിതല പഞ്ചായ ത്തുകൾക്ക് ഇത്തരം പ്രവൃത്തികൾ നടത്തുന്നതിനുള്ള അധികാരം നൽകിയി ട്ടുണ്ടോ; എങ്കിൽ പഞ്ചായത്തുകൾക്ക് ഇതിനാവശ്യമായ ഫണ്ട് നല്കിയി ട്ടുണ്ടോ;

(സി) ജനകീയാസൂത്രണ പദ്ധതിയിൽ ഇത്തരം പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(ഡി) പല പഞ്ചായത്തുകളിലും സോയിൽ കൺസർവേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ അറിയുന്നില്ലാ എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേപ്പറ്റി അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : (എ) മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ വാട്ടർഷെഡ് അടിസ്ഥാനത്തിൽ നടപ്പാക്കുന്ന തിന് ഭൂമിയുടെ കിടപ്പ്/ചരിവ് നാശനഷ്ടങ്ങളുടെ അളവ്, മണ്ണു സംരക്ഷണ പ്രവർത്തനങ്ങളുടെ തോത്, രീതി, എന്നിവ അടിസ്ഥാനമാക്കി പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നു. രൂപരേഖയ്ക്ക് പഞ്ചായത്ത്/സർക്കാർ/ജില്ലാ കള ക്ടർ ഭരണാനുമതി നൽകണം. സാങ്കേതിക ഉദ്യോഗസ്ഥന്മാരുടെ സാങ്കേതിക അനുമതി ലഭിക്കണം. അംഗീകാരം ലഭിച്ച പദ്ധതി സാങ്കേതിക ഉദ്യോഗസ്ഥ ന്മാരുടെ മേൽനോട്ടത്തിൽ അതത് ഭൂവുടമ നേരിട്ട് നടപ്പിലാക്കുന്നു. ഭൂവുടമ കൾക്ക് നേരിട്ട് നടത്താൻ ബുദ്ധിമുട്ടുണ്ടെങ്കിൽ മറ്റ് ഏജൻസിയെ ഏല്പിക്കാം. മണ്ണു സംരക്ഷണ പ്രവർത്തനങ്ങളുടെ വിവിധ പ്രോഗ്രാമുകളായ കോണ്ടൂർ ബണ്ട്, കോണ്ടൂർ ട്രഞ്ച്, സ്റ്റാഗേർഡ് ട്രഞ്ച്, റീടൈനിങ്ങ് വാൾ, ചെക്ക് ഡാം നീർക്കുഴി നിർമ്മിക്കൽ, സസ്യാവരണ ചെടികൾ വച്ചു പിടിപ്പിക്കൽ എന്നിവ ഏകോപിപ്പിച്ച് പദ്ധതിയുടെ അടങ്കൽ രൂപരേഖ തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നേടിയ ശേഷം ഭൂമിക്കനുസൃതമായി പ്രോഗ്രാം നട ത്തിയശേഷം പദ്ധതി പണികളുടെ അളവെടുത്ത് തിട്ടപ്പെടുത്തി ഭൂവുടമ കൾക്ക് നൽകുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

18 (*352) ബസ് സ്റ്റേഷൻ നവീകരണം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാ ഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റുകൾ നവീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇവ പലതും ശുചിത്വമില്ലാത്തതും വൃത്തിഹീനവുമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബസ് സ്റ്റാൻഡുകളിലെ സ്ഥലം കച്ചവടസ്ഥാപനങ്ങൾക്ക് നൽകുന്നതുകാരണം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) സംസ്ഥാനത്തെ പ്രധാന ബസ് സ്റ്റേഷനുകൾ നവീകരിക്കുവാൻ ഉദ്ദേശമുണ്ട്. ഇതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷനിൽ ഒരു സെമിപെർമനന്റ് വെയിറ്റിംഗ് ഷെഡ് നിർമ്മിച്ച് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. യാത്രക്കാരുടെ തിരക്ക് കുറയ്ക്കുവാനായി ചീഫ് ഠൗൺ പ്ലാനറുടെ നിർദ്ദേശങ്ങൾക്കു വിധേയമായി ബസ്സുകൾക്കും യാത്രക്കാർക്കും സുരക്ഷിതമായി പ്രവേശിക്കുവാനും ഇറങ്ങിപ്പോകുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ഘട്ടം ഘട്ടമായി പൂർത്തിയാക്കി വരുന്നു. ദീർഘദൂര സർവ്വീസുകൾക്കുപയോഗിക്കുന്ന ബസുകൾ കഴുകി വൃത്തിയാക്കി മാത്രമേ സർവ്വീസ് നടത്താവൂ എന്ന് യൂണിറ്റാഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലേക്കായി തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷനിൽ ഒരു വെഹിക്കിൾ വാഷിംഗ് മെഷീൻ സ്ഥാപിച്ചു. ഭാവിയിൽ മറ്റു പ്രധാന സ്റ്റേഷനുകളിൽ കൂടി വെഹിക്കിൾ വാഷിംഗ് മെഷീൻ സ്ഥാപിക്കുന്നതാണ്. ദീർഘദൂര ബസുകളിൽ ആധുനിക രീതിയിലുള്ള സീറ്റുകൾ ഉപയോഗിച്ചു വരുന്നു. ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിക്കുവാനായി ഹൈടെക് ബസുകൾ വാങ്ങുന്ന കാര്യം പരിശോധിച്ചു വരുകയാണ്. സാമ്പത്തിക ലഭ്യതയനുസരിച്ച് ബസ് സ്റ്റേഷനുകളുടെ നവീകരണം സംബന്ധിച്ച ജോലികൾ പൂർത്തിയാക്കുന്നതാണ്. കൂടാതെ, യൂണിറ്റുകൾ കംപ്യൂട്ടർവൽക്കരിക്കുന്നതിനും ചീഫ് ഓഫീസിലെ കംപ്യൂട്ടറുമായി ബന്ധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ബസ് സ്റ്റേഷനും പരിസരവും ശുചിയായി സൂക്ഷിക്കണമെന്ന് കർശന നിർദ്ദേശമാണ് യൂണിറ്റാഫീസർമാർക്ക് നൽകിയിരിക്കുന്നത്. ഇതിനായി ജീവനക്കാരെ നിയോഗിച്ചിട്ടുമുണ്ട്. ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്ന യൂണിറ്റുകളിൽ ദിവസക്കൂലിക്ക് ആളെ നിയമിച്ച് ജോലി ചെയ്യിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകളിൽ പെയിഡ് യൂറിനലുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ കരാറിൽ ഏർപ്പെടുമ്പോൾത്തന്നെ യൂറിനലുകൾ വൃത്തിയായി സൂക്ഷിക്കണമെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സി) യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിൽ ഒരു യൂണിറ്റിലും സ്റ്റാളുകൾ അനുവദിച്ചിട്ടില്ല. മറിച്ച് യാത്രക്കാരുടെ അത്യാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടിയാണ് ഇത്തരം സ്റ്റാളുകളും ബൂത്തുകളും നടത്തുവാൻ അനുമതി നൽകിയിട്ടുള്ളത്. ഈ കരാറേറ്റിട്ടുള്ളവർ ഒരു പ്രകാരത്തിലും യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നില്ല എന്ന് അതാത് യൂണിറ്റാഫീസർമാർ ഉറപ്പാക്കുന്നുണ്ട്. ഇപ്പോൾ അനുവദിച്ചിട്ടുള്ളതല്ലാതെ ഇതിന്മേൽ പുതിയ സ്റ്റാളുകളൊന്നും തന്നെ അനുവദിക്കേണ്ടതില്ലായെന്നാണ് കോർപ്പറേഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനം. കൂടാതെ സൗകര്യമുള്ള സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

19 (*353) സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ നാളികേര കൃഷി വികസനത്തിനുവേണ്ടി എന്തൊക്കെ പദ്ധതികൾ നടപ്പാക്കിയെന്നു പറയുമോ;

(ബി) നാളികേര വികസന കോർപ്പറേഷന്റെ എത്ര സ്ഥാപനങ്ങൾ ഇപ്പോൾ പൂട്ടിക്കിടക്കുന്നുണ്ട്; ഏതെല്ലാം;

(സി) ഈ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് എന്തു നടപടി കൈക്കൊള്ളാനുദ്ദേശിക്കുന്നു;

(ഡി) നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനം തൃപ്തികരമാണോ;

(ഇ) ഇതിന്റെ പ്രവർത്തനം ലാഭകരമാക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷിവകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ)-(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മുതൽമുടക്കിനേക്കാൾ അധികരിച്ച നഷ്ടം വരുത്തുകയും കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുവാൻപോലും പണമില്ലാത്ത അവസ്ഥയിലുമായിരുന്നു. ശമ്പളം കൊടുക്കാൻ പലവുരു ഗവണ്മെന്റ് മറ്റു കമ്പനികളിൽ നിന്ന് കടം ഏർപ്പാടു ചെയ്തു കൊടുക്കേണ്ടിയും വന്നു. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കുറേക്കാലമായി പൂർണ്ണമായും നിലച്ചിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പറേഷൻ പുനരുദ്ധരിക്കുന്നതു സംബന്ധിച്ച് പ്രസ്തുത സ്ഥാപനത്തിലെ സംഘടനാപ്രതിനിധികൾ, മാനേജ്മെന്റ് എന്നിവരുമായി പല പ്രാവശ്യം സർക്കാർ തലത്തിൽ ചർച്ച നടത്തുകയും ഇതിനു പുറമേ കോർപ്പറേഷനെ സംബന്ധിച്ച് പ്രശ്നങ്ങൾ പഠിച്ച് അത് പുനരുദ്ധരിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരഫെഡ് എം.ഡി. അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സ്ഥാപനത്തിന്റെ ജംഗമ വസ്തുക്കൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന് പണയപ്പെട്ടിരിക്കുകയായിരുന്നു. സർക്കാർ നിയമപരമായി ഇടപെട്ട് ചർച്ചകളിലൂടെ ബാധ്യതയിൽ കുറവു വരുത്തി അതു കൊടുത്തു തീർത്ത് വസ്തുവകകൾ വീണ്ടെടുത്തു. ഇത്തരത്തിൽ പ്രവർത്തിച്ചു വരുന്ന കമ്പനിയിൽ വീണ്ടും കുറെ മുതൽകൂടി മുടക്കി

LIBRARY ARCHIVES Kerala Legislative Assembly